നിന്നും മോചിപ്പിച്ച് നാട്ടിൽ എത്തിക്കുന്നതിന് അതാത് രാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്രകാര്യാലയവുമായി ബന്ധപ്പെടാറുണ്ട്. എന്നാൽ ഇങ്ങനെ മടങ്ങിവന്ന മലയാളികൾ പ്രസ്തുത വിവരം നോർക്ക വകുപ്പിനെ അറിയിക്കാറില്ല. അതിനാൽ മടങ്ങിവന്നവരുടെ കൃത്യമായ കണക്കുകൾ വകുപ്പിൽ ലഭ്യമല്ല.

സമന്വയം 2003

143 (4426) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി വകുപ്പ് സംഘടിപ്പിച്ച "സമന്വയം 2003"-ലെ പ്രധാന അജണ്ട എന്തായിരുന്നു :

(ബി) അതിനു മുമ്പ് നടന്ന സമന്വയം സമ്മേളനങ്ങൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങളിൽ ഏതെല്ലാം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട് ; ഇതു സംബന്ധിച്ച ഒരു വിലയിരുത്തൽ ഈ സമ്മേളനം നടത്തുകയുണ്ടായോ :

(സി) സമന്വയം 2003-ന് പ്രതിനിധികളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്തായിരുന്നു ; എത്ര പ്രതിനിധികൾ പങ്കെടുത്തു ; അതിൽ പ്രവാസി മലയാളികൾ എത്രയായിരുന്നു ;

(ഡി) ഏതെല്ലാം മറുനാടൻ മലയാളി സംഘടനകളുടെ പ്രതിനിധികൾ ഈ സമ്മേളനത്തിൽ പങ്കെടുത്തു ;

(ഇ) സമ്മേളന വേദിയിൽ നിന്ന് ഏതെങ്കിലും സംഘടനകളെ മാറ്റി നിർത്തിയതായി പരാതി ഉണ്ടായിട്ടുണ്ടോ ; അങ്ങനെ മാറ്റിനിർത്തിയെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ :

(എഫ്) ഈ സംഗമം സംഘടിപ്പിക്കുന്നതിന് എന്തു തുക ചെലവായി ; ആരൊക്കെയാണ് ചെലവ് വഹിച്ചത് ; എത്രവീതം ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) മറുനാടൻ മലയാളികളുടെ ക്ഷേമ-പുനരധിവാസ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് ഒരു കർമ്മപരിപാടിക്ക് രൂപം നൽകുക എന്നതായിരുന്നു സമന്വയം 2003-ന്റെ പ്രധാന അജണ്ട.

(ബി) ഇതാദ്യമായാണ് സർക്കാർ സമന്വയം പരിപാടി സംഘടിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മറുനാടൻ മലയാളി ക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളായിരിക്കണം എന്നതു മാത്രമായിരുന്നു സംഘടനകളെ ക്ഷണിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം. മറുനാടൻ മലയാളി സംഘടനകളെ പ്രതിനിധീകരിച്ചുകൊണ്ട് 350-ഓളം പ്രവാസി മലയാളികൾ സമ്മേളനത്തിൽ പങ്കെടുത്തു.

(ഡി) പങ്കെടുത്ത പ്രതിനിധികളുടെ സംഘടനാലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) സമ്മേളന വേദിയിൽ നിന്നും മാറ്റി നിർത്തിയെന്നാരോപിച്ച് ചില സംഘടനാ പ്രതിനിധികൾ പ്രതിഷേധം പ്രകടിപ്പിച്ചിരുന്നു. എന്നാൽ പിന്നീട് സമ്മേളന നടത്തിപ്പുമായി അവർ സഹകരിക്കുകയുണ്ടായി.

(എഫ്) സമ്മേളനം നടത്തിപ്പിന്റെ ചുമതല നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ റൂട്ട്സ് എൻ.ആർ.കെ. ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് എന്ന കമ്പനിയെയാണ് ഏല്പിച്ചിരുന്നത്. നടത്തിപ്പിന്റെ ചിലവുകൾക്കായി സർക്കാർ 5 ലക്ഷം രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. വരവ് ചെലവുകൾ സംബന്ധിച്ച കണക്കുകൾ റൂട്ട്സിൽ നിന്നും ലഭിച്ചിട്ടില്ല.

സമന്വയം പരിപാടി

144 (4427) ശ്രീ. വടകര കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ മലയാളികളുടെ ഒത്തുചേരലിന് സർക്കാർ സംഘടിപ്പിച്ച സമന്വയം പരിപാടിക്ക് എന്തുതുക ചെലവായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പരിപാടിക്ക് പ്രതിനിധികളേയും സംഘടനകളേയും ക്ഷണിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം വെളിപ്പെടുത്തുമോ ;

(സി) പരിപാടിയുടെ നടത്തിപ്പിനായും പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിനുമായി ആരെങ്കിലും വിദേശയാത്ര നടത്തിയിട്ടുണ്ടോ ; എങ്കിൽ ആരൊക്കെയാണെന്നും ആയതിന് എന്തു തുക ചെലവിട്ടുവെന്നും വെളിപ്പെടുത്തുമോ ;

(ഡി) രജിസ്ട്രേഷനോ അംഗീകാരമോ ഉള്ള സംഘടനകളാണോ പരിപാടിക്ക് ക്ഷണിക്കപ്പെട്ടത് എന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ സംഘടനകളെ ക്ഷണിക്കുന്നതിന് അടിസ്ഥാനമായി സ്വീകരിച്ച മാനദണ്ഡം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിദേശ മലയാളികൾക്കുവേണ്ടിയല്ല. പ്രത്യുത ഇന്ത്യയ്ക്കകത്തുള്ള മറുനാടൻ മലയാളികൾക്കുവേണ്ടിയാണ് സർക്കാർ സമന്വയം പരിപാടി സംഘടിപ്പിച്ചത്. പരിപാടിയുടെ നടത്തിപ്പിനായി വേണ്ടിവന്ന ചെലവിന്റെ കണക്കുകൾ സമാഹരിച്ചു വരുന്നതേയുള്ളൂ.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly